28281
3/7/18

**കേരള സർക്കാർ**

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, ഗ്രേഡ്- I, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് നൈറ്റ് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിനും യൂണിഫോം പരിഷ്കരിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പ്**

സ.ഉ (സാധാ) നം. 2078/2018/ ആ.കു.വ തീയതി, തിരുവനന്തപുരം, 30/6/2018.

---

പരാമർശം:- (I) സർക്കാർ ഉത്തരവ് (സാധാ) നം. 3059/2017/ ആ.കു.വ, തീയതി. 02/11/2017
(II) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 25/01/2018 ലെ ജെ4/ 42577/ 2017/ മെ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (I) ലെ സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ ആശുപത്രി അറ്റൻഡന്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് മൂന്ന് ദിവസം തുടർച്ചയായ നൈറ്റ് ഡ്യൂട്ടിക്കു ശേഷം ഒരു ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിനും ആറ് ദിവസത്തെ ഡേ ഡ്യൂട്ടിക്കു ശേഷം ഒരു ഓഫ് അനുവദിക്കുന്നതിനും യൂണിഫോം പരിഷ്കരിക്കുന്നതിനുമുള്ള അനുവാദം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർക്കും അനുവദിക്കണമെന്ന് പരാമർശം (II) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു പരാമർശം (I) ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -I, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് മൂന്ന് ദിവസം തുടർച്ചയായ നൈറ്റ് ഡ്യൂട്ടിക്കു ശേഷം ഒരു ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിനും, ആറ് ദിവസത്തെ ഡേ ഡ്യൂട്ടിക്കു ശേഷം ഒരു ഓഫ് അനുവദിക്കുന്നതിനും (മാസത്തിൽ 4 ഓഫിൽ കവിയാതെ), 20.01.2016 ലെ സ.ഉ(പി) നം. 7/2016/ധന നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള യൂണിഫോം അലവൻസിന്റെ പരിധിക്കുള്ളിൽ നിന്നു കൊണ്ട് പ്രസ്തുത ജീവനക്കാരുടെ യൂണിഫോം പരിഷ്കരിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.സി. പ്രസീത**
**അണ്ടർ സെക്രട്ടറി**

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും
(മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
ധനകാര്യ വകുപ്പ് (09/ 5/ 2018 ലെ 78076 1/ H&L- B2/ 50/ 2018- Fin പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt No: J4/42577/2017/DME Date 06/7/18

Copy communicated to the Prl. Govt. Medical College TVPM, KTM, ALPY, KKD, TSR, Kollam, IDKI, Konni, Manjeri. Principal Govt. Dental College TVPM, KKD, KTM, ALPY, Thrissur, for information and N/A.

For Director